**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സീനിയർ സൂപ്രണ്ട് ശ്രീമതി. ജെ.പി.പ്രസന്നകുമാരിക്ക് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് താത്കാലിക ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

**സ.ഉ.(സാധാ) നം./18/2018/വനം** തീയതി,തിരുവനന്തപുരം, 17/01/2018

---

പരാമർശം:- 1).03/06/1999-ലെ 5328/റൂൾസ്-1/99/ഉഭപവ നമ്പർ സർക്കുലർ.

2).11/05/2017-ലെ ജി.ഒ.(പി).2/17/വനം നമ്പർ ഉത്തരവ്.

3).11/12/2017-ലെ ഉപമുഖ്യവനപാലകന്റെ ഡി3-7530/2014 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒഴിവിലേക്ക് ,സീനിയർ സൂപ്രണ്ടുമാരുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയറായ കൊല്ലം സോഷ്യൽ ഫോറസ്ട്രി വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി. ജെ.പി.പ്രസന്നകുമാരിയെ കെ.എസ്.& എസ്.എസ്.ആർ,ഭാഗം രണ്ടിലെ ചട്ടം 31(a) (i) പ്രകാരം താത്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിക്കണമെന്നാവശ്യപ്പെട്ട് പരാമർശം മൂന്ന് പ്രകാരം ഉപമുഖ്യവനപാലകൻ ശുപാർശ സമർപ്പിച്ചിരുന്നു.

2). വനം വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ട തസ്തികയാണ്. ടി തസ്തികയിലേക്കുള്ള പരാമർശം രണ്ട് പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന 12 പേർക്കും സ്ഥാനക്കയറ്റം നൽകി കഴിഞ്ഞു. എന്നാൽ പിന്നീട് മുഖ്യവനപാലകൻ (എഫ്.എൽ.&ആർ)-ന്റെ ഓഫീസിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ.സാം ജോസഫിന് 05/10/2017 ലെ ജി.ഒ.(എം.എസ്).305/2017/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമനം ലഭിച്ചതിനെ തുടർന്ന് 11/10/2017-ൽ വനം വകുപ്പിൽ നിന്നും വിടുതൽ വാങ്ങിപോയിരുന്നു. ടി ഒഴിവിലേക്ക് വനം വകുപ്പിൽ മലയാറ്റൂർ ഡിവിഷണൽ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ.ഉദയകുമാർ.പി-യെ പ്രൊമോട്ട് ചെയ്ത് നിയമിച്ചിരുന്നു.തുടർന്ന് മലയാറ്റൂർ ഡിവിഷനിൽ നിലവിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒരൊഴിവ് ഉണ്ടായിട്ടുണ്ട്. ടി ഒഴിവ് മുൻകൂട്ടി കാണാൻ കഴിയാതിരുന്നതിനാലാണ് ടി ഒഴിവിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കഴിയാതെ പോയത്.

3). കെ.എസ്&എസ്.എസ്.ആർ. ചട്ടം 31(a)(i) പ്രകാരം താത്കാലിക ഉദ്യോഗക്കയറ്റം നൽകുന്നതിന് സർക്കാർ വിലക്കേർപ്പെടുത്തിയിട്ടുണ്ട്. പരാമർശം(1) സർക്കുലർ പ്രകാരം സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് 6 മാസത്തിൽ താഴെ സേവനം അവശേഷിക്കുന്നവർക്ക് താത്കാലിക ഉദ്യോഗക്കയറ്റം നൽകുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിലക്കിൽ ഇളവനുവദിച്ച് താത്കാലിക ഉദ്യോഗക്കയറ്റം നൽകാവുന്നതാണ്. സീനിയർ സൂപ്രണ്ടുമാരുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയറായ കൊല്ലം സോഷ്യൽ ഫോറസ്ട്രി വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ജെ.പി.പ്രസന്ന കുമാരി 30/04/2018 ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതാണ്. ടിയാൾക്ക് 6 മാസത്തിൽ താഴെ മാത്രമേ സേവനം അവശേഷിക്കുന്നുള്ളൂ. സീനിയർ സൂപ്രണ്ട് തസ്തികയിൽ ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ട്.ടിയാളുടെ പേരിൽ അച്ചടക്കനടപടി/വിജിലൻസ്/കോടതി കേസ് നിലവിലില്ല എന്ന് ഉപമുഖ്യവനപാലകൻ അറിയിച്ചിട്ടുണ്ട്.

4). മേൽ സാഹചര്യത്തിൽ കെ.എസ് & എസ്.എസ്.ആർ, ചട്ടം 31(a)(i) പ്രകാരം താത്കാലിക ഉദ്യോഗക്കയറ്റം നൽകുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിലക്കിൽ ഇളവ് വരുത്തി ശ്രീമതി.ജെ.പി.പ്രസന്ന കുമാരിയെ 42,500-87,000/-രൂപ ശമ്പള സ്കെയിലിൽ മലയാറ്റൂർ ഡിവിഷണൽ ഓഫീസിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഒഴിവിൽ കെ.എസ് & എസ്.എസ്.ആർ, ഭാഗം II,

ചട്ടം 31(a)(i) പ്രകാരം താത്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു. വി
പ്രിൻസിപ്പൽ സെക്രട്ടറി

ഉപമുഖ്യവനപാലകൻ (ഭരണം),തിരുവനന്തപുരം.
ശ്രീമതി.ജെ.പി.പ്രസന്ന കുമാരി,(ഉപമുഖ്യവനപാലകൻ (ഭരണം), മുഖേന).
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,മലയാറ്റൂർ.
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,സോഷ്യൽ ഫോറസ്ട്രി,കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Endt. on D3-7530/14 dt. 17.1.18.

Copy forwarded to Conservator of Forests, Social Forestry, Kollam and DFO Malayattoor for information & necessary action

S/F
[signature]
for APCCF (Admin)

Signature valid
Digitally signed by SAJEEVAN
I K
Date: 2018.01.17 12:19:36 IST
Reason: Approved